# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1564   11.08.2017-ൽ മറുപടിക്ക്

## മ്യൂസിയങ്ങളുടെ സംരക്ഷണവും പുനരുദ്ധാരണവും

ചോദ്യം

ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. ജോർജ്.എം.തോമസ്
ശ്രീ. ഒ.ആർ.കേളു
ശ്രീ. സി.കൃഷ്ണൻ

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ മ്യൂസിയങ്ങളുടെ സംരക്ഷണത്തിനും പുനരുദ്ധാരണത്തിനുമായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തിരുവനന്തപുരം നേപ്പിയർ മ്യൂസിയം സംരക്ഷിക്കുന്നതിന്റെ ഭാഗമായി ടി മ്യൂസിയത്തിന്റെ കെട്ടിടം നവീകരിക്കുന്നതിനും, രാജ്യാന്തര നിലവാരത്തിൽ പ്രദർശനങ്ങൾ ഒരുക്കുന്നതിനും പ്രാധാന്യം നൽകികൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നിയോഗിച്ചിട്ടുള്ള വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ നടന്നു വരുന്നത്. ഇതിന്റെ ഭാഗമായി ബാംഗ്ലൂർ ആസ്ഥാനമായുള്ള M/s സെന്റർ ഫോർ ഹെറിറ്റേജ് ഇൻഷ്യേറ്റീവ്സ് എന്ന കമ്പനിയുമായി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള കരാറിൽ ഏർപ്പെടുകയും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>തിരുവനന്തപുരം നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനുമായി രാജ്യാന്തര നിലവാരത്തിൽ മ്യൂസിയത്തിന്റെ പ്രശസ്തി ഉയർത്തുന്നതിന്റെ ഭാഗമായി പ്രദർശന വസ്തുക്കൾ 3 ഡി ഇഫക്റ്റിൽ പ്രദർശനം |

| | | | |
|---|---|---|---|
| | | | ഒരുക്കുന്നതിനുള്ള ഡയമോറ സംവിധാനം. കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ ശീതീകരണ സംവിധാനം. ഉന്നത നിലവാരത്തിലുള്ള അഗ്നി ശമന ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കി വരുന്നു.<br><br>കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ കെട്ടിടം വളരെ പഴക്കം ചെന്ന ഒന്നായതിനാൽ ടി മ്യൂസിയം സംരക്ഷിക്കുന്നതിന്റെ ഭാഗമായി പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടികൾ ആരംഭിച്ച് കഴിഞ്ഞു.<br><br>ഈ സർക്കാർ അധികാരത്തിലേറ്റ ശേഷം പുരാവസ്തു വകുപ്പിന് പുനരുദ്ധാരണ പ്രവർത്തികൾക്കായി തക്കല പത്മനാഭപുരം കൊട്ടാരത്തിൽ 52 ലക്ഷം രൂപയുടേയും കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ 42 ലക്ഷം രൂപയുടേയും, തൃപ്പൂണിത്തുറ പുരാവസ്തു മ്യൂസിയത്തിൽ 117 ലക്ഷം രൂപയുടേയും, തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരത്തിൽ 60 ലക്ഷം രൂപയുടേയും, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയത്തിൽ 25 ലക്ഷം രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഓരോ ജില്ലയിലും പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) & (സി) | പുരാവസ്തു വകുപ്പിനു കീഴിൽ 14 ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, ഇടുക്കി, വയനാട്, പാലക്കാട്, |
| (സി) | എങ്കിൽ നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിച്ചിട്ടുള്ളത്; | | |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | വയനാട് കുങ്കിച്ചിറയിൽ പുതിയ ട്രൈബൽ ഹെറിറ്റേജ് മ്യൂസിയത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ഡി) & (ഇ) | വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ മ്യൂസിയവും മൃഗശാലയും വകുപ്പിനു കീഴിൽ നിർമ്മാണം പൂർത്തിയായി വരുന്ന ട്രൈബൽ ഹെറിറ്റേജ് മ്യൂസിയത്തിന്റെ 80% ജോലികളും പൂർത്തീകരിച്ച് കഴിഞ്ഞു. ടി മ്യൂസിയത്തിൽ ഇനി അടുത്ത ഘട്ടമായി പ്രദർശന സംവിധാനം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് ഡി.പി.ആർ തയ്യാറാക്കുന്നതിന് സർക്കാർ നോഡൽ ഏജൻസിയായ തിരുവനന്തപുരത്തുള്ള M/s കേരളം ഹെറിറ്റേജ് മ്യൂസിയത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>വയനാട് കുങ്കിച്ചിറ മ്യൂസിയം പൂർത്തിയായി വരുന്ന മുറയ്ക്ക് പ്രദർശനം സജ്ജമാക്കുന്നതിന് ആവശ്യമായ കലാവസ്തുക്കളും പുരാവസ്തുക്കളും ഗോത്ര സമൂഹത്തിൽ നിന്നും ശേഖരിച്ച് പ്രദർശിപ്പിക്കുന്നതിന് മലയാളം സർവ്വകലാശാലയിൽ നിന്നും സംസ്കാര പൈതൃക പഠന കോഴ്സ് പൂർത്തിയാക്കിയ മൂന്ന് പി.ജി.വിദ്യാർത്ഥികളുടെ സേവനം സർക്കാർ അനുമതിയോടുകൂടി ലഭ്യമാക്കി പ്രദർശന വസ്തുക്കൾ ശേഖരിച്ചു വരുന്നുണ്ട്. |
| (ഇ) | പ്രസ്തുത മ്യൂസിയം പൂർത്തീകരിച്ചതിന് ശേഷം ഗോത്ര സമൂഹത്തിന്റെ കലാവസ്തുക്കളും പുരാവസ്തുക്കളും ശേഖരിച്ച് പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**